ALL INDIA RADIO THIRUVANANTHAPURAM

ആകാശവാണി, തിരുവനന്തപുരം

# NATIONAL BULLETIN

**DATE: 04.08.2025** **TIME : 07.25 PM**

## പ്രധാന വാർത്തകൾ

1. അഞ്ച് ദിവസത്തെ സന്ദർശനത്തിനായി ഫിലിപ്പീൻസ് പ്രസിഡന്റ് ഫെർഡിനാൻഡ് റോമാൽഡെസ് മാർക്കോസ് ഇന്ത്യയിലെത്തി; രാഷ്ട്രപതി ദ്രൗപദി മുർമു, പ്രധാനമന്ത്രി നരേന്ദ്രമോദി എന്നിവരുമായി നാളെ കൂടിക്കാഴ്ച നടത്തും.

   Philippine President Ferdinand Romualdez Marcos arrives in India for a five-day visit; Philippine President will meet President Droupadi Murmu and PM Narendra Modi tomorrow.

2. വിവിധ വിഷയങ്ങൾ ഉന്നയിച്ച് പാർലമെന്റിൽ ഇന്നും പ്രതിപക്ഷ ബഹളം. ഇരുസഭകളും ഇന്നത്തേക്ക് പിരിഞ്ഞു.

   Opposition uproar continues in Parliament over various issues; both Houses adjourned for the day.

3. ഝാർഖണ്ഡ് മുൻ മുഖ്യമന്ത്രിയും എംപി യുമായ ഷിബു സോറന്റെ നിര്യാണത്തിൽ അനുശോചനം രേഖപ്പെടുത്തി രാഷ്ട്രപതി, പ്രധാനമന്ത്രി തുടങ്ങിയവർ.

   President, Prime Minister, and other leaders condoled the death of former Jharkhand Chief Minister and MP Shibu Soren.

4. കേരളത്തിൽ അതിതീവ്ര മഴയ്ക്ക് സാധ്യതയെന്ന് കേന്ദ്ര കാലാവസ്ഥാ വകുപ്പ്. എറണാകുളം, ഇടുക്കി, തൃശൂർ ജില്ലകളിൽ നാളെ ചുവപ്പ് ജാഗ്രത; കേരള - കർണാടക - ലക്ഷദ്വീപ് തീരങ്ങളിൽ മത്സ്യബന്ധനത്തിന് വിലക്ക്.

Heavy rainfall likely in Kerala, says IMD; Red alert for Ernakulam, Idukki, and Thrissur tomorrow; fishing banned off Kerala, Karnataka, and Lakshadweep coasts.

5. ഓവൽ ക്രിക്കറ്റ് ടെസ്റ്റിൽ ഇംഗ്ലണ്ടിനെതിരെ ഇന്ത്യക്ക് മിന്നും ജയം; പരമ്പര സമനിലയിൽ.

India clinches a brilliant victory against England in the Oval Test; series tied.

******************

## RANDHIR JAISWAL-PHILIPPINE PRESIDENT

അഞ്ച് ദിവസത്തെ സന്ദർശനത്തിനായി ഇന്ത്യയിലെത്തിയ ഫിലിപ്പീൻസ് പ്രസിഡന്റ് ഫെർഡിനാൻഡ് റോമാൽഡെസ് മാർക്കോസിന് ഊഷ്മള സ്വീകരണം. വിദേശകാര്യ സഹമന്ത്രി പബിത്ര മാർഗരിറ്റയുടെ നേതൃത്വത്തിൽ ഫിലിപ്പീൻസ് പ്രസിഡന്റിനെ സ്വീകരിച്ചു. ഇന്ത്യയും ഫിലിപ്പീൻസും നയതന്ത്ര ബന്ധം സ്ഥാപിച്ചതിന്റെ 75-ാം വാർഷികം ആഘോഷിക്കുന്ന വേളയിലാണ് സന്ദർശനം. രാഷ്ട്രപതി ദ്രൗപദി മുർമുവുമായും പ്രധാനമന്ത്രി നരേന്ദ്രമോദിയുമായും ഫിലിപ്പീൻസ് പ്രസിഡൻറ് നാളെ കൂടിക്കാഴ്ച നടത്തും.

******************

## EVE PAR-ADJOURN(INTRO)

വിവിധ വിഷയങ്ങളിൽ പാർലമെന്റിൽ ഇന്നും പ്രതിപക്ഷ ബഹളം. പ്രതിഷേധം രൂക്ഷമായതോടെ ലോക്സഭ ഇന്നത്തേക്ക് പിരിഞ്ഞു. അന്തരിച്ച ജാർഖണ്ഡ് മുൻ മുഖ്യമന്ത്രിയും എംപി യുമായ ഷിബു സോറനോടുള്ള ആദരസൂചകമായി രാജ്യസഭയും ഇന്നത്തേക്ക് പിരിഞ്ഞു. ഉച്ചയ്ക്ക് 2 മണി വരെ നിർത്തി വച്ചിരുന്ന ലോക്സഭ വീണ്ടും സമ്മേളിച്ചപ്പോൾ, ബിഹാറിലെ വോട്ടർ പട്ടിക പരിഷ്കരണം സംബന്ധിച്ച പ്രതിഷേധവുമായി

പ്രതിപക്ഷ പാർട്ടികൾ നടുത്തളത്തിലിറങ്ങി. നടപടികൾ തടസപ്പെടുത്തരുതെന്നും 2025 ലെ ദേശീയ കായിക ഭരണ നിർവഹണ ബിൽ, 2015 ലെ ദേശീയ ഉത്തേജക വിരുദ്ധ (ഭേദഗതി) ബിൽ എന്നിവയെക്കുറിച്ച് ചർച്ച ചെയ്യാൻ അനുവദിക്കണമെന്നും പാർലമെന്ററി കാര്യ മന്ത്രി കിരൺ റിജിജു വ്യക്തമാക്കി.
( വോയിസ്....)
രാജ്യത്തെ കായിക ആവാസവ്യവസ്ഥ മെച്ചപ്പെടുത്താൻ ലക്ഷ്യമിട്ടുള്ള കായിക ഭരണ നിർവഹണ ബിൽ ചർച്ച ചെയ്ത് പാസാക്കണമെന്ന് യുവജനകാര്യ, കായിക മന്ത്രി മൻസുഖ് മാണ്ഡവ്യയും പറഞ്ഞു. എന്നാൽ, ബഹളം തുടർന്നതോടെ ലോക്സഭ ഇന്നത്തേക്ക് പിരിയുകയായിരുന്നു.

******************

## EVE SHIBU SOREN DEATH

ഝാർഖണ്ഡ് മുൻ മുഖ്യമന്ത്രിയും എംപി യുമായ ഷിബു സോറന്റെ നിര്യാണത്തിൽ അനുശോചനം രേഖപ്പെടുത്തി രാഷ്ട്രപതി, പ്രധാനമന്ത്രി, കേന്ദ്രമന്ത്രിമാർ തുടങ്ങിയ പ്രമുഖർ. വൃക്ക സംബന്ധമായ അസുഖത്തെ തുടർന്ന് ചികിത്സയിലിരിക്കെ ഇന്ന് രാവിലെ ന്യൂഡൽഹിയിലായിരുന്നു അന്ത്യം. 81 വയസായിരുന്നു. 38 വർഷക്കാലം ഝാർഖണ്ഡ് മുക്തി മോർച്ചയെ നയിച്ച ഷിബു സോറൻ ഝാർഖണ്ഡിന്റെ മൂന്നാമത്തെ മുഖ്യമന്ത്രിയായിരുന്നു. കേന്ദ്ര മന്ത്രിസഭയിൽ കൽക്കരി മന്ത്രിയായും സേവനമനുഷ്ഠിച്ചിട്ടുണ്ട്. ഝാർഖണ്ഡ് മുഖ്യമന്ത്രി ഹേമന്ദ് സോറന്റെ പിതാവാണ്. രാഷ്ട്രപതി ദ്രൗപതി മുർമു, പ്രധാനമന്ത്രി നരേന്ദ്ര മോദി, ലോക്സഭാ പ്രതിപക്ഷ നേതാവ് രാഹുൽ ഗാന്ധി തുടങ്ങിയവർ ആശുപത്രിയിൽ എത്തി ഷിബു സോറന് അന്ത്യാഞ്ജലി അർപ്പിച്ചു. ഗോത്ര സമൂഹങ്ങളുടെ ക്ഷേമത്തിന് ഷിബു സോറൻ നൽകിയ സംഭാവനകൾ ഏറെ വലുതാണെന്ന് രാഷ്ട്രപതി അനുശോചന സന്ദേശത്തിൽ പറഞ്ഞു. ജനങ്ങളോടുള്ള അചഞ്ചലമായ കർത്തവ്യ നിർവഹണത്തിലൂടെ ശ്രദ്ധേയനായ നേതാവായിരുന്നു സോറൻ എന്ന് പ്രധാനമന്ത്രി അഭിപ്രായപ്പെട്ടു. ഷിബു സോറന്റെ നിര്യാണത്തെ തുടർന്ന് ഝാർഖണ്ഡിൽ മറ്റന്നാൾ വരെ മൂന്ന് ദിവസത്തെ ദുഃഖാചരണം പ്രഖ്യാപിച്ചിട്ടുണ്ട്. ഇന്നും നാളെയും എല്ലാ സർക്കാർ ഓഫീസുകൾക്കും അവധി നൽകി. ഝാർഖണ്ഡ് നിയമസഭയുടെ വർഷകാല സമ്മേളനം അനിശ്ചിതകാലത്തേക്ക് പിരിഞ്ഞു.

******************

## ECI-VP ELECTION

17-ാമത് ഉപരാഷ്ട്രപതി തിരഞ്ഞെടുപ്പിനുള്ള വിജ്ഞാപനം വ്യാഴാഴ്ച പുറപ്പെടുവിക്കും. വോട്ടെടുപ്പും വോട്ടെണ്ണലും സെപ്റ്റംബർ 9 ന് നടക്കും. ഈ മാസം 21 വരെ പത്രിക നൽകാം. 22 ന് സൂക്ഷ്മ പരിശോധന നടക്കും. 25 ആണ് പത്രിക പിൻവലിക്കാനുള്ള അവസാന തീയതി. രാജ്യസഭയിലെ തിരഞ്ഞെടുക്കപ്പെട്ടതും, നാമനിർദ്ദേശം ചെയ്യപ്പെട്ടതുമായ അംഗങ്ങൾ, ലോക്സഭയിലെ തിരഞ്ഞെടുക്കപ്പെട്ട അംഗങ്ങൾ എന്നിവർ ഉൾപ്പെടുന്ന ഇലക്ടറൽ കോളേജാണ് ഉപരാഷ്ട്രപതിയെ തിരഞ്ഞെടുക്കുന്നത്.

*************

## Pareeksha Pe Charcha

ഒരു മാസത്തിനുള്ളിൽ ഏറ്റവും കൂടുതൽ രജിസ്ട്രേഷനുകൾ നടത്തിയ പരിപാടിക്കുള്ള ഗിന്നസ് വേൾഡ് റെക്കോർഡ് നേടി പ്രധാനമന്ത്രിയുടെ പരീക്ഷ പേ ചർച്ച. വിദ്യാർത്ഥികളുടെ പരീക്ഷാക്കാലത്തെ സമ്മർദ്ദം കുറയ്ക്കുന്നതിനായി ആവിഷ്കരിച്ചിട്ടുള്ള പരിപാടിയുടെ എട്ടാം പതിപ്പിൽ 3.53 കോടി പേരാണ് രജിസ്റ്റർ ചെയ്തത്. വിദ്യാർത്ഥികൾ, അധ്യാപകർ, മാതാപിതാക്കൾ എന്നിവരുമായി പ്രധാനമന്ത്രി നേരിട്ട് സംവദിക്കുന്ന പരിപാടിയാണ് പരീക്ഷ പേ ചർച്ച.

*************

## VOTERS LIST

കേരളത്തിൽ തദ്ദേശ തെരഞ്ഞെടുപ്പിനുള്ള വോട്ടർപ്പട്ടികയിൽ പേര് ചേർക്കാനും തിരുത്താനും ഇനി നാലുദിവസം കൂടി അവസരം. ഇതുവരെ പത്തുലക്ഷത്തിലേറെ പേർ പേര് ഉൾപ്പെടുത്താൻ അപേക്ഷ നൽകി. ഈമാസം 30ന് അന്തിമ പട്ടിക പ്രസിദ്ധീകരിക്കും.

*************

## Highcourt

കേരള സർവകലാശാലാ സിൻഡിക്കേറ്റ് റദ്ദാക്കിയിട്ടും, രജിസ്ട്രാറുടെ സസ്പെൻഷൻ പിൻവലിക്കാതിരിക്കാൻ വൈസ് ചാൻസലർക്ക് അധികാരമുണ്ടോയെന്ന് ആരാഞ്ഞ് ഹൈക്കോടതി. സസ്പെൻഷൻ ചോദ്യം ചെയ്ത് രജിസ്ട്രാർ കെ.എസ്. അനിൽകുമാർ നൽകിയ റിട്ട് ഹർജി പരിഗണിക്കുകയായിരുന്നു കോടതി. ഹർജി ഹൈക്കോടതി മറ്റന്നാൾ വീണ്ടും പരിഗണിക്കും.

*************

## Availability of marine fish

കേരളത്തിൽ കഴിഞ്ഞ വർഷം നാല് ശതമാനം സമുദ്രമത്സ്യ ലഭ്യത കുറഞ്ഞതായി റിപ്പോർട്ട്. മുൻ വർഷത്തെക്കാൾ രാജ്യത്താകെ രണ്ട് ശതമാനം കുറവുണ്ടെന്നും കേന്ദ്ര സമുദ്രമത്സ്യ ഗവേഷണ സ്ഥാപനത്തിന്റെ വാർഷിക പഠന റിപ്പോർട്ടിൽ പറയുന്നു. സമുദ്രമത്സ്യ ലഭ്യതയിൽ 6.10 ലക്ഷം ടണ്ണുമായി കേരളം രാജ്യത്ത് മൂന്നാം സ്ഥാനത്താണ്. ദേശീയ തലത്തിൽ കുറഞ്ഞെങ്കിലും കേരളത്തിൽ മത്തിയുടെ ലഭ്യത 7.9 ശതമാനം വർധിച്ചതായും റിപ്പോർട്ടിൽ പറയുന്നു.

*************

## REV. SC-RAHUL GANDHI

ഇന്ത്യൻ സൈന്യത്തെക്കുറിച്ച് അധിക്ഷേപകരമായ പരാമർശങ്ങൾ നടത്തിയെന്ന ആരോപണത്തിൽ ലോക്സഭാ പ്രതിപക്ഷ നേതാവ് രാഹുൽ ഗാന്ധിക്കെതിരെ വിമർശനവുമായി സുപ്രീംകോടതി. രാഹുൽ ഗാന്ധിക്കെതിരെ BRO മുൻ ഡയറക്ടർ നൽകിയ മാനനഷ്ടക്കേസിലെ തുടർനടപടികൾ സുപ്രീംകോടതി മൂന്ന് ആഴ്ചത്തേക്ക് സ്റ്റേ ചെയ്തു. ജസ്റ്റീസുമാരായ ദീപാങ്കർ ദത്ത, അഗസ്റ്റിൻ ജോർജ് എന്നിവരുൾപ്പെട്ട രണ്ടംഗ ബെഞ്ചാണ് കേസ് പരിഗണിച്ചത്. പ്രതിപക്ഷ നേതാവെന്ന നിലയിൽ, സമൂഹ മാധ്യമങ്ങളിലല്ല, പാർലമെന്റിലാണ് ഇത്തരം ആശങ്കകൾ ഉന്നയിക്കേണ്ടതെന്ന് ബെഞ്ച് നിരീക്ഷിച്ചു. ഇന്ത്യയുടെ 2,000 ചതുരശ്ര കിലോമീറ്റർ പ്രദേശം ചൈന കൈവശപ്പെടുത്തിയെന്ന തരത്തിൽ 2022 ഡിസംബറിലാണ് ശ്രീ രാഹുൽ പ്രസ്താവന നടത്തിയത്. കീഴ്ക്കോടതി പുറപ്പെടുവിച്ച ഉത്തരവിനെതിരെയാണ് അദ്ദേഹം സുപ്രീംകോടതിയെ സമീപിച്ചത്.

*************

## BJP- RAHUL

ഇന്ത്യൻ സൈന്യത്തെക്കുറിച്ച് രാഹുൽ ഗാന്ധി നടത്തിയ പരാമർശം നിർഭാഗ്യകരമാണെന്ന് ബിജെപി വക്താവ് ഗൗരവ് ഭാട്ടിയ. ലോക്സഭ പ്രതിപക്ഷ നേതാവിന്റെ ഇത്തരം നിരുത്തരവാദപരമായ പരാമർശങ്ങൾ അപലപനീയമാണെന്നും ഗൗരവ് ഭാട്ടിയ ന്യൂഡൽഹിയിൽ മാധ്യമങ്ങളോട് പറഞ്ഞു.

*************

## KERALA RAIN

കേരളത്തിൽ അതിതീവ്ര മഴയ്ക്ക് സാധ്യതയെന്ന് കേന്ദ്ര കാലാവസ്ഥാ വകുപ്പ്. എറണാകുളം, ഇടുക്കി, തൃശൂർ ജില്ലകളിൽ നാളെ ചുവപ്പ് ജാഗ്രതാ നിർദ്ദേശം. നാളെ അഞ്ച് ജില്ലകളിൽ ഓറഞ്ച് ജാഗ്രതയും മറ്റെല്ലാ ജില്ലകളിലും മഞ്ഞ ജാഗ്രതയും നൽകിയിട്ടുണ്ട്. കേരള - കർണാടക - ലക്ഷദ്വീപ് തീരങ്ങളിൽ വ്യാഴാഴ്ച വരെ മത്സ്യബന്ധനത്തിന് വിലക്ക് ഏർപ്പെടുത്തി.

*************

## IMD-WEATHER

ഉത്തർപ്രദേശ്, ഉത്തരാഖണ്ഡ്, ഡൽഹി, ഹിമാചൽ പ്രദേശ്, തമിഴ്നാട്, വടക്ക് കിഴക്കൻ സംസ്ഥാനങ്ങൾ തുടങ്ങിയ ഇടങ്ങളിലും ഒറ്റപ്പെട്ട ശക്തമായ മഴയ്ക്ക് സാധ്യതയുണ്ടെന്ന് കേന്ദ്ര കാലാവസ്ഥാ വകുപ്പ്. തീരദേശ ആന്ധ്രാപ്രദേശ്, ജമ്മു കശ്മീർ, ജാർഖണ്ഡ്, കർണാടക, പശ്ചിമ മധ്യപ്രദേശ് എന്നിവിടങ്ങളിൽ ഇടിമിന്നലിനൊപ്പം ശക്തമായ കാറ്റിനും സാധ്യതയുണ്ടെന്ന് കാലാവസ്ഥാ വിഭാഗം അറിയിച്ചു.

*************

## CRICKET ( INTRO)

ഇംഗ്ലണ്ടിന് എതിരായ ആൻഡേഴ്സൺ-ടെണ്ടുൽക്കർ ട്രോഫി ക്രിക്കറ്റ് ടെസ്റ്റ് പരമ്പരയിലെ അഞ്ചാം മത്സരത്തിൽ ഇന്ത്യക്ക് മിന്നും ജയം. ഓവലിൽ നടന്ന പോരാട്ടത്തിൽ ആറ് റൺസിന്റെ ജയത്തോടെ പരമ്പര സമനിലയിലാക്കാൻ ഇന്ത്യക്കായി. രണ്ടാം ഇന്നിങ്സിൽ അഞ്ച് വിക്കറ്റുകൾ വീഴ്ത്തിയ മുഹമ്മദ് സിറാജിന്റെ ബൗളിങ്ങാണ് ഇന്ത്യയെ വിജയത്തിലേക്ക് നയിച്ചത്.

ആകാശവാണി പ്രതിനിധി സുരേഷ് ബാബു തയ്യാറാക്കിയ റിപ്പോർട്ട്....
( വോയിസ്.... )

*************

## AAI-ARCHERY LEAGUE

ഇന്ത്യൻ അമ്പെയ്ത്തിനെ പുതിയ ഉയരങ്ങളിൽ എത്തിക്കുന്നത് ലക്ഷ്യമിട്ട് ഒക്ടോബർ മാസത്തിൽ പ്രഥമ ആർച്ചറി ലീഗ് സംഘടിപ്പിക്കുമെന്ന് ആർച്ചറി അസോസിയേഷൻ ഓഫ് ഇന്ത്യ അറിയിച്ചു. ന്യൂഡൽഹിയിൽ നടക്കാനിരിക്കുന്ന 11 ദിവസത്തെ ടൂർണമെന്റിൽ, ലോക റാങ്കിലുള്ള അന്താരാഷ്ട്ര അത്‌ലറ്റുകളും ഇന്ത്യൻ താരങ്ങളും പങ്കെടുക്കും. ഇന്ത്യയിലെ

യുവ അമ്പെയ്ത്ത് താരങ്ങളുടെ സ്വപ്നങ്ങൾ സാക്ഷാത്കരിക്കുന്നതിൽ ലീഗ് ഏറെ ഗുണം ചെയ്യുമെന്ന് AAI പ്രസിഡന്റ് അർജുൻ മുണ്ട പറഞ്ഞു.

******************

## BIMSTEC MUSIC NIGHT

പ്രഥമ ബിംസ്റ്റെക് പരമ്പരാഗത-സംഗീതോത്സവത്തിന് ന്യൂഡൽഹിയിലെ ഭാരത് മണ്ഡപത്തിൽ തുടക്കമായി. വിദേശകാര്യമന്ത്രി എസ്. ജയശങ്കർ ഉദ്ഘാടനം ചെയ്തു. സംഗീതത്തിലൂടെ പാരമ്പര്യവും വൈവിധ്യവും പങ്കു വയ്ക്കുകയെന്നതാണ് പരിപാടിയിലൂടെ ലക്ഷ്യമിടുന്നതെന്ന് ശ്രീ ജയശങ്കർ പറഞ്ഞു. പരിപാടിയിലേക്ക് പൊതുജനങ്ങൾക്ക് പ്രവേശനം സൗജന്യമാണ്. ഇന്ത്യയ്ക്ക് പുറമെ ബിംസ്ടെക് രാജ്യങ്ങളായ ബംഗ്ലാദേശ്, ഭൂട്ടാൻ, മ്യാൻമർ, നേപ്പാൾ, ശ്രീലങ്ക, തായ്‌ലൻഡ് എന്നിവിടങ്ങളിൽ നിന്നുള്ള പ്രതിഭകൾ സംഗീത സായാഹ്നത്തിൽ കലാവിരുന്നൊരുക്കാൻ എത്തിയിട്ടുണ്ട്.

******************

*************

*******